"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - വാഴ കൃഷിയുമായി ബന്ധപെട്ട വിളവെട്ടുപ്പ് കാലയളവ് എയിംസ് പോർട്ടലിൽ മാറ്റം വരുത്തുന്നതിന് മുൻപ് പ്രസ്തുത കൃഷിയിൽ നഷ്ടമുണ്ടായ കർഷകർക്ക് വിള ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.46/2025/AGRI തീയതി,തിരുവനന്തപുരം, 24-01-2025

പരാമർശം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23.12.2024 തീയതിയിലെ ADFW/10981/2023-TR2 നമ്പർ കത്ത്.

**ഉത്തരവ്**

എയിംസ് പോർട്ടലിൽ വാഴയുടെ വിളവെട്ടുപ്പ് കാലം 420 ദിവസമെന്നത് 460 ദിവസമായി നിജപ്പെടുത്തിയ സാഹചര്യത്തിൽ, പോർട്ടലിൽ മേൽ പ്രകാരമുള്ള മാറ്റം വരുത്തുന്നതിന് മുൻപ് വാഴ കൃഷിയിൽ നഷ്ടമുണ്ടായ കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതാണ് എന്നും, പ്രസ്തുത അപേക്ഷകൾ പ്രകാരം ആനുകൂല്യം നൽകുന്നതിന് ആവശ്യമായ ആകെ തുക 7.72200 ലക്ഷം രൂപയാണ് എന്നും പരാമർശത്തിലെ കത്ത് പ്രകാരം കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കർഷകർക്ക് അർഹമായ ആനുകൂല്യം നൽകേണ്ടതിനാൽ ടി തുക സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് കൃഷി ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വാഴ കൃഷിയുമായി ബന്ധപെട്ട വിളവെട്ടുപ്പ് കാലയളവ് എയിംസ് പോർട്ടലിൽ മാറ്റം വരുത്തുന്നതിന് മുൻപ് പ്രസ്തുത കൃഷിയിൽ നഷ്ടമുണ്ടായ കർഷകർക്ക് വിള ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള തുക (7.72200 ലക്ഷം രൂപ) സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും കർഷകർക്ക് നൽകുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക്ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vineesh Kumar G
Date: 24-01-2025 17:09:19
സെക്ഷൻ ഓഫീസർ